

# നമ്പി നാരായണന് പത്മ പുരസ്കാരം നൽകണം; പ്രധാനമന്ത്രിക്ക് രാജീവ് ചന്ദ്രശേഖറിന്റെ കത്ത്

ന്യൂദൽഹി: നമ്പി നാരായണന് പത്മ പുരസ്കാരം നൽകണം എന്നഭ്യർഥിച്ച് രാജീവ് ചന്ദ്രശേഖർ എംപി പ്രധാനമന്ത്രിക്ക് കത്തയച്ചു. ചാരക്കേസിൽ തെറ്റായി ഉൾപ്പെടുത്തുകയും അപമാനിക്കപ്പെടുകയും ചെയ്ത മുൻ ഐഎസ്ആർഒ ശാസ്ത്രജ്ഞൻ നമ്പി നാരായണന് പത്മ പുരസ്കാരം നൽകി ആദരിക്കേണ്ടതുണ്ട്. സുപ്രീം കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കുകയും 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിധിച്ചെങ്കിലും അദ്ദേഹം അനുഭവിച്ച അപമാനവും കുറ്റപ്പെടുത്തലുകളും 50 ലക്ഷം രൂപ നഷ്ടപരിഹാരം കൊണ്ട് മാത്രം തീർക്കാവുന്നതല്ല.

ഉദ്യോഗസ്ഥർക്കെതിരായ നടപടി ശുപാർശ ചെയ്യുന്ന ജസ്റ്റിസ് ജെയിൻ കമ്മീഷൻ റിപ്പോർട്ട് അടിസ്ഥാനമാക്കി, നമ്പി നാരായണനെ കേസിൽ കുടുക്കിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കണമെന്നും അദ്ദേഹത്തിന് പത്മ പുരസ്കാരമോ തത്തുല്യമായ പുരസ്കാരങ്ങളോ നൽകി രാജ്യം ആദരിക്കണമെന്നും രാജീവ് ചന്ദ്രശേഖർ എംപി ആവശ്യപ്പെട്ടു.